കേരള സർക്കാർ

# കാഞ്ഞിരംകുളം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## തിരുവനന്തപുരം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1836/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം

തീയതി :08 -09-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉ. പത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്,

4) സ്പെയർ.

നം.കെ.എസ്.എ .റ്റി.വി.എം/ജി.പി.3 /1836/2017 തീയതി: 08.09.2017

തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചയത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ

ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

പഞ്ചായത്ത് 05-11-2016മുതൽ 09-08-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 22 ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എ.ജമാലുദീൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10-08-2017മുതൽ 17-08-2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീ. സഞ്ജയ്.പി.ഐ, ഓഡിറ്റ് ഓഫീസർ |
| | 2. ശ്രീമതി.സ്വപ്ന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | 3. ശ്രീ. ശിവനാഥൻ.എ, ഓഡിറ്റർ |
| | 4. ശ്രീ. ഷിംജി, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ. രവി | 01-04-2016മുതൽ 31-03-2017വരെ |
| സെക്രട്ടറി | ശ്രീ. സി.സുഗതൻ | 01-04-2016മുതൽ 31-03-2017വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ഇന്ദു ജോർജ് | 01-04-2016മുതൽ24-11-16വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ-സർക്കിൾ) | ശ്രീമതി. സെലീന | 01-04-2016മുതൽ 31-03-17 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി-സർക്കിൾ) | ശ്രീമതി. ദീപ | 01-04-2016മുതൽ 31-03-17 വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി. ശിവപ്രിയ | 01-04-2016മുതൽ 31-03-17വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ആശാ രാജൻ | 01-04-2016മുതൽ 31-03-17വരെ |
| മെഡിക്കൽ | ഡോ. ജയൻ | 01-04-2016മുതൽ |

| | | |
|---|---|---|
| ഓഫീസർ (ആയുർവ്വേദം) | | 31-03-17വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സിമി സാരംഗ് | 01-04-2016മുതൽ 31-03-17വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി. വിജയാ ക്രിസ്റ്റബൽ | 01-04-2016മുതൽ 31-03-17വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഷീജാമോൾ | 01-04-2016മുതൽ 31-03-17വരെ |
| വെറ്റിനറി സർജൻ | 1. ഡോ.ഈശ്വരപിള്ള | 01-04-2016മുതൽ 31-10-16വരെ |
| | 2. ഡോ. തിയോഡോർ ജോൺ | 01-11-2016മുതൽ 31-03-17 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷികധനകാര്യപത്രിക | 1-2 | |
| 3 | വാർഷികധനകാര്യപത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് | 1-3 | |
| 4 | സാമ്പത്തികവിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനതുവരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |

| | | | |
|---|---|---|---|
| 11 | മറ്റ്ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം- 2 | | |
| 12 | എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. | 2-1 | |
| 13 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളും/പി.എസ്.സി കോച്ചിംഗ് സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു | 2-2 | |
| 14 | പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ലൈസൻസിനായുള്ള അപേക്ഷയിൽ ഉൾപ്പെടുത്തുന്നില്ല. | 2-3 | |
| 15 | വസ്തു നികുതി കുടിശ്ശിക 3361212/- രൂപ | 2-4 | |
| 16 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കേണ്ടതാണ്. | 2-5 | |
| | ഭാഗം- 3 | | |
| 17 | ഗുഭോക്തൃ സമിതി മുഖേനയുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-1 | |
| 18 | പൊതുമരാമത്ത് - അംഗീകാരം ലഭിച്ച 84 പദ്ധതികളിൽ 8 പദ്ധതികൾ നടപ്പാലാക്കിയില്ല. | 3-2 | |
| 19 | മരുന്ന് വാങ്ങൽ പദ്ധതി - ചെലവ് തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കിയിട്ടില്ല – 130947/- രൂപ തടസ്സപ്പെടുത്തുന്നു. | 3-3 | |
| 20 | പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല. | 3-4 | |
| 21 | നിർഭയ – ജാഗ്രതാ സമിതി പ്രവർത്തന അവലോകനം | 3-5 | |
| 22 | വസ്തു വാങ്ങൽ, ഭവനനിർമ്മാണം -ധനസഹായം നൽകിയില്ല | 3-6 | |
| 23 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3-7 | |
| 24 | കൃഷി ഓഫീസിന് ഫർണിച്ചർ വാങ്ങൽ - | 3-8 | |

| | | | |
|---|---|---|---|
| | സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | | |
| 25 | വി.ഇ.ഒ രേഖകൾ ഹാജരാക്കിയില്ല. 605000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-9 | |
| 26 | പൊതു ടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്താതെ വെള്ളക്കരം ഒടുക്കുന്നു. | 3-10 | |
| | ഭാഗം- 4 | | |
| 27 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 | |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ബജറ്റ് 08.03.2016-ലെ നമ്പർ (1) തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് ചെലവ്, നീക്കിയിരിപ്പ് റസീപ്റ്റ് ആന്റ് പേമെന്റ് പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവ സെബന്ധിച്ച വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബജറ്റ് പ്രകാരം | 5473661 | 141735000 | 147208661 | 146137250 | 1071411 |
| റസീപ്റ്റ് ആന്റ് പേമെന്റ് പ്രകാരം | 4049259 | 38755336 | 42804595 | 38142834 | 4661761 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ വളരെയധികം വ്യത്യാസമാണുള്ളത്. ഭാവിയിൽ യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 06.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| അനുബന്ധമായി (ഓഡിറ്റ് സർട്ടിഫിക്കറ്റിൽ) പറഞ്ഞിട്ടുണ്ട്. | | |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പെയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവയുടെ പകർപ്പ് ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്).

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 4049259 |
| വരവ് | : | 38755336 |
| ആകെ | : | 42804595 |
| ചെലവ് | : | 38142834 |
| നീക്കിയിരിപ്പ് | : | 4661761 |

# 1-5 ഫണ്ട് വിനിയോഗം

| ക്രമ നം. | ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1 | വികസനഫണ്ട് (പൊതുവിഭാഗം) | 0 | 6633337 | 6633337 | 6633337 | 0 | |
| 2 | വികസനഫണ്ട് (SCP) | 0 | 2525272 | 2525272 | 2525272 | 0 | |
| 3 | വികസനഫണ്ട് (TSP) | 0 | 0 | 0 | 0 | 0 | |
| 4 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 3811332 | 3811332 | 3811332 | 0 | |
| 5 | സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 2318810 | 2318810 | 2318810 | 0 | |
| 6 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3647100 | 3647100 | 3647100 | 0 | |
| 7 | പെർഫോമൻസ് ഗ്രാന്റ് | 0 | 1050190 | 1050190 | 1050190 | 0 | |
| 8 | എം.ജി.എൻ. ആർ. ഇ.ജി. എസ് | 1883 | 1429564 | 1431447 | 1428805 | 2462 | |
| 9 | ബി ഫണ്ട് | 0 | 896040 | 896040 | 896040 | 0 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | POSB | 110 | 0 | 110 | - | 110 | |
| 11 | ജനറൽ പർപ്പസ് ഗ്രാന്റ് | 2044234 | 6130164 | 8174398 | 7817805 | 356593 | |
| 12 | തനതുഫണ്ട്/ മറ്റ് ഫണ്ട് | 2003032 | 10313527 | 12316559 | 8014143 | 4302416 | |
| ആകെ | | 4049259 | 38755336 | 42804595 | 38142834 | 4661761 | |

## 1-5(എ) വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

1. 2016-17 സാമ്പത്തിക വർഷത്തിലെ AFS – RP (40)-ൽ പറയുന്ന Capital Work in Progress തുകയായ 1234158 രൂപയല്ല B-11 (A) -ൽ വന്നിട്ടുള്ള തുക അപാകത പരിഹരിക്കേണ്ടതാണ്.
2. Tressury Reconciliation Statement ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
3. I.C.D.S -കേന്ദ്ര വിഹിതമായി കിട്ടിയ തുക പ്രത്യേകം അക്കൗണ്ടിൽ സൂക്ഷിക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
4. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി (14) ൽ Stock in Hand വിവരം കാലികമാക്കി മൂല്യ നിശ്ചയിച്ചിട്ടില്ല.
5. Shopping Complex ന്റെ രജിസ്റ്റർ പ്രകാരമുള്ള വരവ് AFS-ൽ കാണിച്ചിട്ടുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.
6. ലേലം വരവ് രജിസ്റ്റർ പ്രകാരമുള്ള തുകയല്ല AFS-ൽ കാണിച്ചിട്ടുള്ളത്.
7. തൊഴിൽ നികുതി വരവ് രജിസ്റ്റർ പ്രകാരമുള്ള തുകയല്ല AFS-ൽ കാണിച്ചിട്ടുള്ളത്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | (എണ്ണം) | | (എണ്ണം) | (എണ്ണം) | |
|---|---|---|---|---|---|---|
| 155 | 36669505 | 100 | 20948517 | 41 | 14 | 91 |

പഞ്ചായത്ത് സമിതിയുടെ അനുമതിയോടെ 155 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയെങ്കിലും ആകെ 141 പദ്ധതികൾ മാത്രമാണ് സ്പിൽ ഓവർ ഉൾപ്പെടെ നടപ്പിലാക്കിയിട്ടുള്ളത്. അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതി ലക്ഷ്യം കൈവരിക്കുവാൻ ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | | | |
| തൊഴിൽനികുതി | 1423210 | 1637445 | 214235 |
| കെട്ടിടനികുതി | 1443914 | 2128522 | 684608 |
| വിനോദ നികുതി | - | - | - |
| പരസ്യ നികുതി | - | - | - |
| നികുതിയേതര വരവുകൾ | | | |
| ലേലം | 792000 | 1004696 | 212696 |
| ഷോപ്പിംഗ് കോംപ്ലക്സ് വാടക | 159411 | 252696 | 93285 |
| ഡി & ഒ ലൈസൻസ് | 122525 | 156700 | 34175 |
| മറ്റ് വരവുകൾ | 642712 | 5133468 | 4490756 |
| ആകെ | 4583772 | 10313527 | 5729755 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 656040 | 375 |
| കർഷകതൊഴിലാളി പെൻഷൻ | 8036270 | 863 |

| | | |
|---|---|---|
| വിധവാപെൻഷൻ | 5889490 | 563 |
| വാർദ്ധക്യകാലപെൻഷൻ | 10519440 | 1053 |
| വികലാംഗപെൻഷൻ | 3499390 | 333 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 240000 | 8 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 408200 | 37 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.08.2017 ന് രാവിലെ 11 AM ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12340/-രൂപയുടെ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസും തൊഴിൽ നികുതിയും, സ്ഥാപന നികുതിയും നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ഓഡിറ്റോറിയങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ തുടങ്ങി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച രജിസ്റ്റർ കാലികമായി തയ്യാറാക്കി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നവർക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കുമ്പോൾ ആകെ അർദ്ധവാർഷിക വരുമാനത്തിൽ എല്ലാ വരുമാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതി ഈടാക്കി നികുതിയിനത്തിലെ വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. മൊബൈൽ ടവറുകളുടെ കാര്യത്തിൽ ഭരണസമിതി ഉചിതമായ നടപടികൾ സ്വീകരിച്ച് നികുതി നഷ്ടം പരിഹരിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകളിൽ നിന്ന് പരസ്യ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

സാമൂഹ്യക്ഷേമ പെൻഷനുകൾ അനുവദിക്കുമ്പോൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. വാർദ്ധക്യകാല പെൻഷൻ അപേക്ഷകളിൽ 60 വയസ്സ് തികഞ്ഞിട്ടില്ലാത്തവർക്കും പെൻഷൻ അനുവദിച്ചിരിക്കുന്നു. ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി നിൽക്കുന്ന മുഴുവൻ തുകയും പിരിച്ചെടുക്കുവാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണ്. അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതാണ്. അംഗനവാടികളുടെ ഭൗതിക സാഹചര്യം

വിലയിരുത്തി ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകേണ്ടതാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ജനക്ഷേമത്തിന്/സാമൂഹ്യനന്മയ്ക്ക് പ്രാധാന്യം നൽകി നടപ്പിലാക്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതിയിൽ പ്പെടുന്നവർക്ക് ലഭ്യമാക്കാൻ പറ്റുന്ന തൊഴിലവസരങ്ങൾ ഉണ്ടെങ്കിൽ ആയത് അത്തരക്കാർക്ക് ഉറപ്പ് വുരത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.07.2017 | 01.06.2017 മുതൽ 31.06.2017 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.04.2013 മുതൽ 15.05.2013 വരെ | 2008 -09 മുതൽ 2012-13 വരെ | ലഭിച്ചു |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204 പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി ചെയ്ത് കൊണ്ടിരിക്കുന്ന ഏതൊരു ആളിൽ നിന്നും / പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2016-17 സാമ്പത്തിക വർഷം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കിക്കാണുന്നില്ല.

ഉദാ: 1. യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, കാഞ്ഞിരകുളം

2. കെ.സി ആശുപത്രി, കാഞ്ഞിരംകുളം

3. ജയ ആശുപത്രി, കാഞ്ഞിരംകുളം

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15 ന് യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് പോലുള്ള സ്ഥാപനങ്ങളിൽ നിന്ന് 2017-18 സാമ്പത്തിക

വർഷം മുതൽ തൊഴിൽ നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചു. പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും കമ്പനികളുടെയും തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടെയും പേര് വിവരങ്ങൾ ഉൾപ്പെടുത്തി ഡിമാന്റ് രജിസ്റ്റർ പരിഷ്കരിക്കേണ്ടതും പിരിച്ചെടുക്കാൻ ബാക്കിയായ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ഉൾക്കൊള്ളിക്കാതിരുന്നാൽ പ്രസ്തുത കുടിശ്ശിക ഡിമാന്റിൽ വിട്ടുപോകുന്നതിന് ഇടവരുവാൻ സാധ്യതയുണ്ട്. തുകകൾ കാലഹരണപ്പെടാതെ ഡിമാന്റ് പിരിച്ചെടുക്കാവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ / പി.എസ്.സി കോച്ചിംഗ് സെന്ററുകൾ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഒരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള 5 ട്യൂട്ടോറിയൽ സ്ഥാപനങ്ങളാണ് 2016-17 സാമ്പത്തിക വർഷം രജിസ്റ്റർ ചെയ്തിട്ടുള്ളത്. ബ്രില്ല്യൻസ് കോളേജ് കാഞ്ഞിരംകുളം, മാസ്റ്റേഴ്സ് കരിയർ സെന്റർ കാഞ്ഞിരംകുളം, സ്പാർക്ക് പി.എസ്.സി ട്രെയിനിംഗ് സെന്റർ കാഞ്ഞിരംകുളം എന്നീ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് നമ്പർ 14 ന് ഇവ പുതിയ സ്ഥാപനങ്ങളാണെന്നും ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതായി അറിയിച്ചു. എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ നൽകുന്നതിനും രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ വാർഷികമായി പുതുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ലൈസൻസിനായുള്ള അപേക്ഷയിൽ ഉൾപ്പെടുത്തുന്നില്ല

ജി.ഒ (ആർ.ടി.) 795/2007/ത.സ്വ.ഭ.വ, തീയതി. 16-03-2007 ലെ സർക്കാർ ഉത്തരവ് പ്രകാരം ഡി.ആന്റ്.ഒ. ലൈസൻസിനായി അപേക്ഷിക്കുമ്പോൾ അപേക്ഷകൻ അപേക്ഷയോടൊപ്പം പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.പ്രസ്തുത ഉത്തരവനുസരിച്ച് 30മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പാലിക്കുന്നുവെന്നുള്ള സാക്ഷ്യപത്രം അപേക്ഷകൻ നൽകണമെന്നിരിക്കെ ആയത് ഹാജരാക്കാതെയുള്ള കച്ചവട സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകിയിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 2-4 വസ്തുനികുതി കുടിശ്ശിക 3361212/- രൂപ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203പ്രകാരം ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങൾക്ക് നിർണയിക്കുന്ന വസ്തുനികുതി തുടർന്നുള്ള വർഷങ്ങളിൽ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രികയനുസരിച്ച് 2016-17സാമ്പത്തിക വർഷം അരിയറും കറന്റും ഉൾപ്പെടെ ആകെ 3361212/-രൂപ വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുണ്ട്. ഫലപ്രദമായ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ തനതു വരുമാനമായ വസ്തുനികുതി പിരിച്ചെടുക്കേണ്ടതാണ്. വസ്തുനികുതി - കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243പ്രകാരം കുടിശ്ശിക തുക പിരിച്ചെടുക്കാതിരുന്നാൽ ഗ്രാമപഞ്ചായത്തിന് പ്രസ്തുത തുക നഷ്ടപ്പെടുന്നതാണ്. ആയതിനാൽ വസ്തുനികുതിയുടെ അരിയറും കറന്റും ഉൾപ്പെടെയുള്ള വർഷം തിരിച്ചുള്ള കുടിശ്ശിക നിർണയിച്ച് റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 2-5 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കേണ്ടതാണ്.

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3 (3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 72,273/- രൂപ ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേയ്ക്ക് ഒടുക്ക് വരുത്തിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ നിയമത്തിലെ വകുപ്പ് 3(3) അനുസരിച്ച് പ്രസ്തുത തുകയിൽ നിന്ന് 722/- (1%) കുറച്ച് ബാക്കി വെൽഫയർ ഫണ്ടിലേക്ക് ഒടുക്കിയാൽ മതിയാകും. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.1) ക്ക്, ഇത് സംബന്ധിച്ച് നിർദ്ദേശം നൽകുന്ന സർക്കുലറോ ഉത്തരവോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്ന് മറുപടി നൽകിയിരിക്കുന്നു.

മേൽപ്പറഞ്ഞവിധം കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃസമിതി മുഖേനയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ - പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ മുഴുവൻ പാലിച്ചിട്ടില്ല.

ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹിച്ചിട്ടുള്ള പൊതുമരാമത്ത് ജോലികൾക്ക് 13-11-2014ലെ 1/1559/2010/സി.ഇ/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരമുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1. പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.സമിതി യോഗം ചേർന്ന് അംഗങ്ങളേയും കൺവീനർ ചെയർമാൻ എന്നിവരേയും തെരെഞ്ഞെടുത്ത് ചുമതല ഏല്പിക്കുന്നതുവരെയുള്ള വിവരങ്ങൾ മാത്രമാണ് മിനുട്ട്സ് ബുക്കിൽ

രേഖപ്പെടുത്തിയിട്ടുള്ളത്.

2. വർക്കുമായി ബന്ധപ്പെട്ട പണമിടപാടുകൾക്കായി കൺവീനർ ചെയർമാൻ എന്നിവരുടെ പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

3. വരവ് ചെലവ് കണക്ക് പുസ്തകം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. പ്രവൃത്തി നിർവ്വഹണത്തിൽ ഓരോ ദിവസവും നടക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ രേഖപ്പെടുത്തുന്നതിന് കൺവീനർ സൂക്ഷിക്കേണ്ട ദൈനംദിന ഡയറിബുക്ക് സൂക്ഷിച്ചിട്ടില്ല.

5. പണി പൂർത്തിയാകുന്നതുവരെ സമിതി ആഴ്ചയിലൊരിക്കൽ യോഗം ചേർന്ന് വൗച്ചറുകൾ പാസ്സാക്കുകയും പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയും ഭാവി നടപടികൾ ചർച്ച ചെയ്ത് തീരുമാനിക്കുകയും ചെയ്തിട്ടില്ല.

6. മസ്റ്റർ റോളുകളിൽ പ്രവൃത്തികളുടേയും തൊഴിലാളികളുടേയും വിവരങ്ങൾ, പ്രവൃത്തിയുടെ പേര്, വാർഡ് നമ്പർ , പ്രവൃത്തി നടന്ന തിയതി, വേതനം തുടങ്ങിയവ കൃത്യമായി രേഖപ്പെടുത്തണമെന്നും, ഒരാഴ്ചത്തേക്ക് ഒന്ന് എന്ന കണക്കിൽ മസ്റ്റർ റോൾ സൂക്ഷിക്കണമെന്നും വ്യവസ്ഥയുണ്ട്. ആയത് പൂർണമായും പാലിച്ചിട്ടില്ല.

ഭാവിയിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും വ്യവസ്ഥകളും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-2 പൊതുമരാമത്ത് പ്രവൃത്തികൾ - അംഗീകാരം ലഭിച്ച 84 പദ്ധതികളിൽ 8 പദ്ധതികൾ നടപ്പിലാക്കിയില്ല

2016-17സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് സ്പിൽ- ഓവർ ഉൾപ്പെടെ 84പ്രവൃത്തികൾക്കാണ് ഭരണസമിതി തീരുമാനപ്രകാരം ജില്ലാ പ്ളാനിംഗ് ബോർഡിന്റെ അംഗീകാരം ലഭിച്ചത്. എന്നാൽ ആകെ 76പദ്ധതികൾ മാത്രമാണ് പ്രസ്തുത സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയത്. പശ്ചാത്തല മേഖലകളുമായി / ആസ്തി സൃഷ്ടിക്കലുമായി ബന്ധപ്പെട്ട ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങിയശേഷം നടപ്പിലാക്കാതിരിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ഭാവിയിൽ പഞ്ചായത്തിന്റെ വികസനത്തിന് ഭംഗം വരാത്തവിധത്തിലുള്ള ഒരു വികസനനയം രൂപീകരിക്കുവാനും അതിലൂടെ മെച്ചപ്പെട്ടതും ആസ്തി സൃഷ്ടിക്കുന്നതും പൊതുജനോപകാരപ്രദവുമായ പദ്ധതികൾ ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കി പദ്ധതി ലക്ഷ്യം കൈവരിക്കുവാനും ഭരണതലത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-3 മരുന്ന് വാങ്ങൽ പദ്ധതി - ചെലവ് തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കിയിട്ടില്ല – 130947/- രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| 1. | പദ്ധതി | SOO 14/16-17 ഹോമിയോ ആശുപത്രിക്ക് |

| | | |
|---|---|---|
| | നം./പേര് | മരുന്ന് വാങ്ങൽ |
| | അടങ്കൽ തുക | 100000/- |
| | ചെലവ് തുക | 100000/- മെയിന്റനൻസ് ഫണ്ട് റോഡിതരം |
| | ബിൽ നം./തീയതി | 1/2016-17, 18.01.2017 |

| | | |
|---|---|---|
| 2. | പദ്ധതി നം./പേര് | SOO 15/16-17 ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| | അടങ്കൽ തുക | 250000/- (വികസനഫണ്ട്) |
| | ബിൽ നം./തീയതി | 4/2016-17, 19.10.16 |
| | ഡി.ഡി നമ്പർ | 385391/08.11.2017 |

| | | |
|---|---|---|
| 3. | പദ്ധതി നം./പേര് | SOO 13/16-17 ആയുർവ്വേദ മർമ്മാശുപത്രിക്ക് മരുന്ന് വാങ്ങൽ |
| | അടങ്കൽ തുക | 450000/- (വികസനഫണ്ട്) |
| | ബിൽ നം./തീയതി | 4/2016-17, 19.10.16 |
| | ഡി.ഡി നമ്പർ | 385394/08.11.2017 |

| | | |
|---|---|---|
| 4. | പദ്ധതി നം./പേര് | SOO 78/16-17 എസ്.സി വിഭാഗത്തിന് സൗജന്യ ചികിത്സ |
| | അടങ്കൽ തുക | 345000/- (വികസനഫണ്ട്) |

| | | |
|---|---|---|
| | ബിൽ നം./തീയതി | 3/2016-17, 14.11.16 |
| | ഡി.ഡി നമ്പർ | 385394/08.11.2017 |

ക്രമ നം. 1 പ്രകാരം മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണോദ്യഗസ്ഥയായി നടപ്പിലാക്കിയ മേൽ സൂചിപ്പിച്ച പദ്ധതിയ്ക്കായി 100000/- രൂപ പിൻവലിച്ച് കേരള സ്റ്റേറ്റ് ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (അക്കൗണ്ട് ട്രാൻസ്ഫർ വഴി കൈമാറിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രസീത് (3057 തീയതി, 10.06.2017) ലഭിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ഡിസ്പെൻസറിക്ക് മരുന്ന് ലഭിച്ചിട്ടില്ല.

ക്രമ നമ്പർ 2,3,4 പ്രകാരം ആയുർവ്വേദ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം, പ്രോജക്ട് SOO 15/16-17 യ്ക്കായി 250000/- രൂപയും, പ്രോജക്ട് SOO 13/16-17 യ്ക്കായി 450000/- രൂപയും, പ്രോജക്ട് SOO 78/16-17 യ്ക്കായി 345000/- രൂപയും ആയുർവേദ മരുന്ന് വിതരണ സ്ഥാപനമായ ഔഷധിക്ക് കൈമാറിയിട്ടുണ്ട്. ആയതിൽ യഥാക്രമം 5099/-, 10410/-, 15438/- എന്നീ തുകകളുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല.

അടച്ച തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഹോമിയോ മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/18.08.2017) മരുന്ന് ലഭ്യമാക്കുന്നതിനായി നിരന്തരം ഹോംകോയുമായി ബന്ധപ്പെടുന്നുണ്ടെന്നും, പ്രൊഡക്ഷനിലെ കാലതാമസം മൂലമാണ് മരുന്ന് ലഭ്യമാക്കാൻ താമസമുണ്ടാകുന്നതെന്ന് അന്വേഷ ണത്തിൽ നിന്ന് മനസ്സിലാകുന്നതെന്നും പറഞ്ഞിരിക്കുന്നു.

മേൽ വിഷയവുമായി ബന്ധപ്പെട്ട് ആയുർവ്വേദ മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/16.08.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ ലഭിച്ചിട്ടില്ലാത്ത മരുന്നുകൾക്കു വേണ്ടി ചെലവഴിച്ച തുക 130947/- രൂപ (100000 + 5099 + 10410 + 15438) തടസ്സപ്പെടുത്തുന്നു. പ്രസ്തുത വിഷയത്തിന്റെ തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 പോഷകാഹാര പദ്ധതിയ്ക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല.

അംഗനവാടികളുടെ പോഷകാഹാര വിതരണത്തിന് ചെലവഴിക്കുന്ന തുകയിൽ നിബന്ധനകൾക്ക് വിധേയമായി കേന്ദ്രഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന 50 ശതമാനം തുക പ്രത്യേക അക്കൗണ്ടിലാണ് സൂക്ഷിക്കേണ്ടത്. 2016-17 സാമ്പത്തിക വർഷം കേന്ദ്രവിഹിതമായി ആകെ 1386077/- രൂപ ലഭിച്ചതിൽ 927976/- രൂപ ചെലവ് ചെയ്തു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ലഭിക്കുന്ന കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ട് തുടങ്ങി അതിൽ സൂക്ഷിക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം സൂക്ഷിക്കുന്ന അക്കൗണ്ടിൽ

തനതുവരുമാനത്തോടൊപ്പമാണ് സൂക്ഷിച്ച് വരുന്നത്. ജി.ഒ (പി) 177/2006/ധനം, തീയതി 12.04.2006 പ്രകാരം കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുവാൻ അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 നിർഭയ - ജാഗ്രതാ സമിതി പ്രവർത്തന അവലോകനം

സ.ഉ (എം.എസ്) 31/2007/ത.സ്വ.ഭ.വ. പ്രകാരം പഞ്ചായത്ത് മേഖലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും കുടുംബ-സാമൂഹ്യ പ്രശ്നങ്ങൾ കണ്ടെത്തി അവയ്ക്ക് ശാശ്വത പരിഹാരം കാണുവാനും അവരുടെ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുവാനും പഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതി പ്രവർത്തിച്ച് വരുന്നു. എന്നാൽ ഇതിന്റെ സുഗമമായ പ്രവർത്തനത്തിന് 2016-17 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് യാതൊരു തുകയും ചെലവ് ചെയ്തിട്ടില്ല. അതുപോലെ ഇത്തരത്തിലൊരു സമിതി പൊതുജനങ്ങൾക്കായി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നതായി യാതൊരു അറിയിപ്പും പഞ്ചായത്ത് പരിസരത്ത് പ്രദർശിപ്പിച്ചിട്ടില്ല. പ്രസ്തുത സമിതിയുടെ പ്രാധാന്യം, പ്രവർത്തനം, നൽകുന്ന സേവനം എന്നിവ പൊതുജന ശ്രദ്ധയിൽ കൊണ്ട് വന്ന് ജനകീയമാക്കിയാൽ ഗ്രാമപഞ്ചായത്ത് മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുവാൻ സമിതിക്ക് കഴിയുന്നതാണ്. ആയതിനാൽ ഇത്തരത്തിലൊരു സമിതി പൊതുജനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്നതായി കാണിച്ചുകൊണ്ടുള്ള പരസ്യബോർഡ് പഞ്ചായത്ത് കാര്യാലയത്തിൽ സ്ഥാപിക്കുവാനും സമിതിയുടെ സേവനം ലഭ്യമാകുന്ന ദിവസം, സമയം എന്നീ വിവരങ്ങൾ പ്രസ്തുത അറിയിപ്പ് ബോർഡിൽ ഉൾപ്പെടുത്തുവാനും ഭരണതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 വസ്തു വാങ്ങൽ, ഭവനനിർമ്മാണം - ധനസഹായം നൽകിയില്ല

2016-17സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി 11 പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി. ഭവനപുനരുദ്ധാരണം, ഐ.എ.വൈ ധനസഹായം, കിണർ പുനരുദ്ധാരണം എന്നിവയാണ് വി.ഇ.ഒ.നിർവ്വഹിച്ച പദ്ധതികൾ. എന്നാൽ പ്രസ്തുത സാമ്പത്തികവർഷം പട്ടികജാതി/വർഗ്ഗത്തിൽപ്പെടുന്നവരുൾപ്പെടെയുള്ള പഞ്ചായത്ത് പരിധിയിലെ പിന്നാക്കം നിൽക്കുന്ന ദുർബലരും ഭവനരഹിതരുമായ വിഭാഗങ്ങളെ കണ്ടെത്തി അവർക്ക് വസ്തു വാങ്ങുവാനും ഭവനനിർമ്മാണം നടത്തുവാനും ധനസഹായം നൽകുവാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഭവനരഹിതരായ നിരവധിയാളുകളെ ഉൾക്കൊള്ളുന്ന ഗ്രാമപഞ്ചായത്ത് മേൽപ്പറഞ്ഞ പദ്ധതിക്ക് മതിയായ പ്രാധാന്യം നൽകാത്തത് പദ്ധതി ആസൂത്രണത്തിലെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ സ്വന്തമായി ഭവനമില്ലാത്തവർക്ക് മണ്ണും വീടും പദ്ധതി പ്രകാരം വസ്തുവും വീടും ലഭ്യമാക്കുവാനുള്ള പദ്ധതികൾക്കും അർഹിക്കുന്ന പ്രാധാന്യം നൽകി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

## 3-7 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

മുന്നിരിപ്പ് - 1883

പലിശ - 1366

വരവ് - 42537294 (ഇ.എഫ്.എം.എസ് + അലോട്ട്മെന്റ്)

ആകെ - 42540543

ചെലവ് - 42537901.20

നീക്കിയിരിപ്പ് - 2641.80

ആകെ തൊഴിൽ കാർഡുകൾ - 2978

ആകെ തൊഴിൽ ദിനം - 129607

ആകെ തൊഴിൽ ലഭിച്ചത് - 2088

100 ദിനം പൂർത്തിയാക്കിയത് - 792

നടപ്പിലാക്കിയ ആകെ പദ്ധതികൾ - 134

അവിദഗ്ധമേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തികൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്ത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. എന്നാൽ തൊഴിൽ കാർഡ് നേടിയ 2978 കുടുംബങ്ങളിൽ 792കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിനം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളത്. 134പദ്ധതികളിലൂടെ 129607തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുവെങ്കിലും ആകെ 22088പേർക്ക് മാത്രമാണ് പദ്ധതി പ്രകാരം തൊഴിൽ നൽകിയിട്ടുള്ളത്. വരും വർഷങ്ങളിൽ തൊഴിൽ കാർഡ് നേടിയ മുഴുവൻ പേർക്കും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

അപാകതകൾ.

ജി.ഒ (ആർ.ടി)334/12/ത.സ്വ.ഭ.വ, തിയതി.02-02-2012പ്രകാരം നടപ്പിലാക്കുന്ന ആകെ പ്രവൃത്തികളുടെ 10% തുക വിനിയോഗിച്ച് ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ, ഒരു ഗ്രാമത്തിലെ ആവാസ കേന്ദ്രങ്ങളിലൂടെയുള്ള റോഡുകൾ എന്നിവ ഏറ്റെടുക്കേണ്ടതാണ്. എന്നാൽ മേൽ സൂചന പ്രകാരം ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്ത് അർഹിക്കുന്ന പ്രാധാന്യം നൽകിയിട്ടില്ല.ആയത് പദ്ധതി നിർവ്വഹണത്തിലെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾക്കും പ്രാധാന്യം നൽകി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

## 3-8 കൃഷി ഓഫീസിന് ഫർണിച്ചർ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

പദ്ധതി നം./പേര് : SOO 77/17/കൃഷി ഓഫീസിന് ഫർണിച്ചർ വാങ്ങൽ പദ്ധതി

അടങ്കൽ തുക : 25000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് : 25000/-

ബിൽ നം./തീയതി : 2/2016-17, 23.02.2017,3/2016-17, 23.02.2017

മേൽ പദ്ധതി പ്രകാരം സിഡ്കോയിൽ നിന്ന് ഫർണിച്ചർ വാങ്ങിയ ഇനത്തിൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി സിഡ്കോയിൽ നിന്ന് 19631/- രൂപ ചെലവഴിച്ച് (Invoice No. MCTVM date : 14.02.2017) Armless Nilkamal Chair 26 എണ്ണം വാങ്ങിയിരിക്കുന്നു. 02.12.2016-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ (സാധാ) നം.3299/2016/ത.സ്വ.ഭ.വ പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ സാധന സാമഗ്രികൾ, സർക്കാർ/അർദ്ധസർക്കാർ/ഗവ.അംഗീകൃത സ്ഥാപനങ്ങൾ അടക്കം ചില സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ടെങ്കിലും മേൽപ്പറഞ്ഞവയിൽ ചില സ്ഥാപനങ്ങൾ സ്വന്തമായി സാധന സാമഗ്രികൾ നിർമ്മിക്കാതെ, സ്വകാര്യ സംരംഭകരിൽ നിന്നും വാങ്ങി നൽകുന്ന ഇടനിലക്കാരായി പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധന സാമഗ്രികൾ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തുന്നുവെന്നും, അങ്ങനയല്ലാത്തവ നിർബന്ധമായും പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണെന്നും പറഞ്ഞിരിക്കുന്നു. ഇപ്രകാരം സർക്കാർ നിർദ്ദേശം പാലിക്കാതെ ഫർണിച്ചർ വാങ്ങിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഭാവിയിൽ ഇത്തരത്തിലുള്ള വാങ്ങൽ പ്രവൃത്തികൾക്ക്, മേൽ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

## 3-9 രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു.

2016-17സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.21 ന് മറുപടി നൽകുകയുണ്ടായില്ല.

| ക്രമ നം. | പ്രോജക്ട് നം./പേര് | ബിൽ നം./തീയതി | തുക |
|---|---|---|---|
| 1 | 30/2016-17<br>എസ്.സി യുവജനങ്ങൾക്ക് ഓട്ടോറിക്ഷ വാങ്ങൽ - വിതരണം | 5/2016-17 dtd: 30/3/17 | 200000/- |
| 2 | 97/2016-17<br>പി.എം.എ.വൈ എസ്.സി ഭവന പദ്ധതി | 3/2016-17 dtd:11.11.2016 | 405000/- |
| 3 | 102/2016-17 | 2/2016-17 dtd: | 300000/- |

| | | | |
|---|---|---|---|
| | ഐ.എ.വൈ ഭവന നിർമ്മാണം (എസ്.സി) | 14.11.2016 | |
| ആകെ | | | 905000 |

ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി 905000/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-10 പൊതു ടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോന നടത്താതെ വെള്ളക്കരം ഒടുക്കുന്നു.

പഞ്ചായത്ത് പരിധിയിൽ നിലവിൽ ജലം ലഭ്യമാകുന്നതും അല്ലാത്തതുമായ പൊതു ടാപ്പുകളെ കണ്ടെത്തിപ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകൾക്ക് മാത്രം വെള്ളക്കരം നിശ്ചയിക്കുവാൻ ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയും തമ്മിൽ സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ ചെലവ് രേഖൾ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രതിമാസം ടാപ്പൊന്നിന് 437.50/- രൂപ പ്രകാരം (ടാപ്പൊന്നിന് പ്രതിവർഷം 5250/- രൂപ) 144 പൊതുടാപ്പുകൾക്ക് വെള്ളക്കരം അടച്ച വരുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ടുള്ള 10.08.2017 ലെ 12/17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിലവിൽ 144 ടാപ്പുകൾ പ്രവർത്തിക്കുന്നതായും കുടിശ്ശികയില്ലാതെ വെള്ളക്കരം ഒടുക്കുന്നതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 03/2011, 05/11 ലാണ് അവസാനമായി സംയുക്ത പരിശോധന നടത്തിയതെന്നും ഓഡിറ്റിന് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ സംയുകത പരിശോധന നടത്താത്ത പക്ഷം വാട്ടർ അതോറിറ്റിയുമായി ചേർന്ന് പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള കുടിവെള്ള ടാപ്പുകളെ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകൾ കണ്ടെത്തി അവയ്ക്ക് മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണ്. ജലം ലഭ്യമല്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നതിലൂടെ പഞ്ചായത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്താതെ ഭരണതലത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ | നിർവഹണ | പ്രവൃത്തിയുടെ | വൗച്ചർ | മുൻകൂർ | ചെലവഴിച്ച | ചെലവഴി |
|---|---|---|---|---|---|---|

| നം. | ഏജൻസി | പേര് | നം./ ചെക്ക് നം. | നൽകിയ തുക | തുക | ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| 1 | കെൽട്രോൺ | എ.എം.സി | ലഭ്യമല്ല | 23479 | 23479 | 0 |
| 2 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | ലഭ്യമല്ല | 748853 | 748853 | 0 |
| 3 | കെ.ഡബ്ല്യു.എ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ലഭ്യമല്ല | 79032 | 79032 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ (സാധാ) നം.275/10 ത.സ്വ.ഭ.വ തീയതി,27.1.10 | 9067500 | 1335558 | - | - | 1335558 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. /തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| 2015-16 | 2-3 | 36229 | 1 ശ്രീ.വിജയൻ | 11610102610 /18-02-2017 |
| | | | 2. ശ്രീ.ആർ.മോഹനൻ | 11610102420/18-02-2017 |
| | | | 3. ശ്രീ.ആർ.മോഹനൻ | 11610102421/18-02-2017 |
| | | | 4. ശ്രീ. സന്തോഷ് കുമാർ,ജി | 11610102437/ 22-02-17 |
| | | | 5. ശ്രീ.പരമേശ്വരൻ | 11610102611/ 21-02-17 |
| | | | 6.ശ്രീ. ആനന്ദകുമാർ | 11610102611/01-03-2017 |
| | | | 7.ശ്രീ. ആൻസാനന്ദ് | 11610102612/01-03-2017 |
| | | | 8. ശ്രീ.എം.ഗോപാലൻ | 11610102422/ 18-02-2017 |
| 2015-16 | 2-3 | 1780 | ശ്രീ.വിൻസെന്റ് | 11610102096/ 23-03-2017 |
| 2015-16 | 2.7 | 5000 | ശ്രീ.ഷിബു. കെ.വി | 11610102096/ 13-01-2017 |

| | | | | |
|---|---|---|---|---|
| | | | ശ്രീ.മണി.കെ | 11610103031/24-03-17 |
| | | | ശ്രീ.രാജു | 116110103032/24-3-2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 42804595 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38142834 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1035947 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 130947 | ഡോ.സിമി സാരംഗ്,<br>മെഡിക്കൽ ഓഫീസർ, ഹോമിയോ |
| | | ഡോ.ജയൻ,<br>മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-9 | 905000 | സെലീന, വി.ഇ.ഒ (എ. സർക്കിൾ) |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സിമി സാരംഗ്,<br>മെഡിക്കൽ ഓഫീസർ, ഹോമിയോ | - | - |
| ഡോ.ജയൻ,<br>മെഡിക്കൽ ഓഫീസർ, ആയുർവേദം | - | ഉത്രം, കൊച്ചുള്ളൂർ, മെഡിക്കൽ കോളേജ് |
| സെലീന, വി.ഇ.ഒ (എ. സർക്കിൾ) | കൊല്ലയിൽ ഗ്രാമപഞ്ചായത്ത് | കന്നിമത്തട്ട്, ആറ്റുപുറം, കുളത്തൂർ |

# 4-9 - തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി 1/തീയതി 22.07.2010 | 14 |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി 1/ തീയതി 22.08.2008 | 2 |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി 1/തീയതി 16.07.2008 | 3 |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി 1/ തീയതി 18.08.2009 | 14 |
| 2004-2005 | എൽ.എഫ്.റ്റി.ഡി.ജി.പി 3/1674/08, തീയതി 16.01.2010 | 6 |
| 2005-2006 | എൽ.എഫ്.റ്റി.ഡി.ജി.പി 3/1675/08, തീയതി 10.08.2010 | 4 |
| 2006-2007 | എൽ.എഫ്.റ്റി.ഡി.ജി.പി 3/309/10, തീയതി 23.04.2011 | 5 |
| 2008-2009 | എൽ.എഫ്.റ്റി.ഡി.ജി.പി 3/2275/11, തീയതി 23.11.2011 | 3 |
| 2009-2010 | എൽ.എഫ്.റ്റി.ഡി.ജി.പി 3/2276/11, തീയതി 11.12.2012 | 4 |
| 2010-2011 | എൽ.എഫ്.റ്റി.ഡി.ജി.പി 3/തീയതി 21.04.2013 | 6 |
| 2011-2012 | എൽ.എഫ്.റ്റി.ഡി.ജി.പി 3/589/14, തീയതി 26.04.2014 | 11 |

| | | |
|---|---|---|
| 2012-2013 | കെ.എസ്.എ.റ്റി.വി.എം ജി.പി.3/1488/14 തീയതി. 27.10.2014 | 9 |
| 2013-2014 | കെ.എസ്.എ.റ്റി.വി.എം ജി.പി.3/39/15 തീയതി. 19.12.2015 | 16 |
| 2014-2015 | കെ.എസ്.എ.റ്റി.വി.എം ജി.പി.3/1087/16 തീയതി. 30.07.2016 | 9 |
| 2015-2016 | കെ.എസ്.എ.റ്റി.വി.എം ജി.പി.3/2061/16 തീയതി. 01.12.2016 | 22 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ (4)-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുവെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം

ഓഡിറ്റ് റിപ്പോർട്ട് ഭാഗംI ഖണ്ഡിക I(5) (എ)-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്